"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - മാനന്തവാടി റെയ്ഞ്ചിലെ മാനന്തവാടി കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം 2001-02 കാലയളവിൽ 1 മുതൽ 9 വരെയുള്ള ഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികയാക്കിയ തുക എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

നികുതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.171/2023/TAXES തീയതി,തിരുവനന്തപുരം. 09-03-2023

---

പരാമർശം:- 1. എക്സൈസ് കമ്മീഷണറുടെ 15.11.2018 ലെ EXC 4458 2018-XM4 നമ്പർ കത്ത്.

ഉത്തരവ്

2001-02 കാലയളവിൽ മാനന്തവാടി കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം (നം w.246) മാനന്തവാടി റെയ്ഞ്ചിലെ 1 മുതൽ 9 വരെയുള്ള ഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക തുകയും പലിശയും ചേർത്ത് ആകെ 36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാനൂറ്റി നാല്പത് രൂപ മാത്രം) കുടിശ്ശിക വരുത്തിയത് ഈടാക്കുന്നതിന് സൊസൈറ്റിയുടെ ചീഫ് പ്രമോട്ടർ ആയ മാനന്തവാടി പയ്യംപള്ളി പി.ഒ വാക്പറ്റ വീട്ടിൽ മുരുകൻ മകൻ എ.ടി.വിജയൻ എന്ന ആളിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്തിരുന്ന OP 19204/02 അനുവദിച്ചുകൊണ്ട് ബഹു കേരള ഹൈക്കോടതി 15.02.2004 ൽ റവന്യൂ റിക്കവറി നടപടി റദ്ദ് ചെയ്ത് ഉത്തരവാകുകയും കുടിശ്ശിക തുക സൊസൈറ്റിയുടെ ആസ്തി വകകളിൽ നിന്ന് വസൂലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻ പ്രകാരം സംഘത്തിന്റെ ആസ്തി വകകളെകുറിച്ച് അന്വേഷിച്ചതിൽ ടി സംഘം 31.03.2001 ൽ പ്രവർത്തനം ആരംഭിച്ച് വെറും രണ്ട് മാസം മാത്രമേ പ്രവർത്തിരുന്നുള്ളൂ എന്നും സംഘത്തിന് നിലവിൽ പ്രവർത്തിക്കുന്ന ഓഫീസോ ആസ്തിവകകളോ ഇല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സംഘത്തിന്റെ പേരിൽ 14 ജില്ലകളിലും സ്ഥാവരജംഗമവസ്തുക്കൾ ഒന്നും തന്നെ ഇല്ല എന്ന് 14 ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.05.2018 വരെയുള്ള ഡി.സി.ബി. പട്ടിക പ്രകാരം കുടിശ്ശിക മുതൽ ഇനത്തിൽ 9,08,000/- രൂപയും (ഒൻപത് ലക്ഷത്തി എണ്ണായിരം രൂപ) പലിശ ഇനത്തിൽ 27,44,440/- രൂപയും (ഇരുപത്തേഴ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാനൂറ്റി നാൽപത് രൂപ) അടക്കം ആകെ 36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാനൂറ്റി നാല്പത് രൂപ) കുടിശ്ശിക ഉണ്ട് എന്നും മേൽ കുടിശ്ശിക ഈടാക്കാൻ സാധ്യമല്ലായെന്നും ആയതിനാൽ ടി കുടിശ്ശിക തുക എഴുതി തള്ളണമെന്നും എക്സൈസ് കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു.

എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. 2001-02 കാലയളവിൽ മാനന്തവാടി റെയ്ഞ്ചിലെ 1 മുതൽ 9 വരെയുള്ള ഷാപ്പുകൾ നടത്തിയ വകയിൽ

മാനന്തവാടി കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം (നം W.246) പേരിലുള്ള അബ്കാരി കുടിശ്ശിക. മുതൽ ഇനത്തിൽ 9.08,000/- രൂപയും (ഒൻപത് ലക്ഷത്തി എണ്ണായിരം രൂപ) പലിശ ഇനത്തിൽ 27.44.440/- രൂപയും (ഇരുപത്തേഴ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാന്നൂറ്റി നാൽപത് രൂപ) അടക്കം ആകെ 36.52.440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ) എഴുതിതള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എക്സൈസ് കമ്മീഷണർ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള.തിരുവനന്തപുരം.
ഡെപ്യൂട്ടി എക്സൈസ് കമ്മീഷർ, വയനാട്.
ധനകാര്യ വകുപ്പ് (23.02.2023 ലെ വ്യയം -ബി1/103/2022-ഹിൻ പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഓഫീസ് സെക്ഷൻ, നികുതി വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ 1407)

ഉത്തരവിൻ പ്രകാരം
Signed by
Santhoshkumar P S
സെക്ഷൻ ഓഫീസർ
Date: 09-03-2023 15:51:20

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-03-2023

ഫയൽ നം. ഇ-ഫയൽ-എ2/125/2019/നികുതി. ഇനം നം: 1407

വിഷയം : നികുതി വകുപ്പ് - മാനന്തവാടി റെയ്ഞ്ചിലെ കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘത്തിന്റെ അബ്കാരി കുടിശ്ശികയായ 36,52,440/- രൂപ എഴുതി തള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നികുതി വകുപ്പ്.

8/3

Dr. RATHAN U KELKAR IAS
Secretary
Taxes-Excise Department
Govt. Secretariat
Thiruvananthapuram.

JS
(Spl)

1407

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ-ഫയൽ-എ 2/125/2019-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | മാനന്തവാടി റെയ്ഞ്ചിലെ കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘത്തിന്റെ അബ്കാരി കുടിശ്ശികയായ **36,52,440/- രൂപ** എഴുതി തള്ളുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.02.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ദിലീപ് കുമാർ റ്റി.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.രത്തൻ യു.ഖേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.03.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.03.2023 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.03.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മാനന്തവാടി റെയ്ഞ്ചിലെ മാനന്തവാടി കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘം 2001-02 കാലയളവിൽ 1 മുതൽ 9 വരെയുള്ള ഷാപ്പുകൾ നടത്തിയ വകയിൽ അബ്കാരി കുടിശ്ശികയായ **36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ** മാത്രം) എഴുതിതള്ളുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

*2001-02 കാലയളവിൽ മാനന്തവാടി കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം; (നം w.246) മാനന്തവാടി റെയ്ഞ്ചിലെ 1 മുതൽ 9 വരെയുള്ള* ഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശിക തുകയും പലിശയും ചേർത്ത് ആകെ **36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ** മാത്രം) കുടിശ്ശിക വരുത്തിയത് ഈടാക്കുന്നതിന്, സൊസൈറ്റിയുടെ ചീഫ് പ്രമോട്ടർ ആയ മാനന്തവാടി പയ്യംപള്ളി പി.ഒ വാക്പറ്റ വീട്ടിൽ മുരുകൻ മകൻ എ.ടി.വിജയൻ എന്ന ആളിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്തിരുന്ന OP 19204/02 അനുവദിച്ചുകൊണ്ട് ബഹു കേരള ഹൈക്കോടതി 15.02.2004 ൽ റവന്യൂ റിക്കവറി നടപടി റദ്ദ് ചെയ്ത് ഉത്തരവാകുകയും കുടിശ്ശിക തുക സൊസൈറ്റിയുടെ ആസ്തി വകകളിൽ നിന്ന് വസൂലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻ പ്രകാരം സംഘത്തിന്റെ ആസ്തി വകകളെകുറിച്ച് അന്വേഷിച്ചതിൽ ടി സംഘം 31.03.2001 ൽ പ്രവർത്തനം ആരംഭിച്ച് വെറും രണ്ട് മാസം മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ എന്നും സംഘത്തിന് നിലവിൽ പ്രവർത്തിക്കുന്ന ഓഫീസോ ആസ്തിവകകളോ ഇല്ല എന്ന് അറിയാൻ കഴിഞ്ഞു ടി സംഘത്തിന്റെ പേരിൽ 14 ജില്ലകളിലും സ്ഥാവരജംഗമവസ്തുക്കൾ ഒന്നും തന്നെ ഇല്ല എന്ന് 14 ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.05.2018 വരെയുള്ള ഡി.സി.ബി. പട്ടിക പ്രകാരം കുടിശ്ശിക മുതൽ ഇനത്തിൽ 9,08,000/- രൂപയും (ഒൻപത് ലക്ഷത്തി എണ്ണായിരം രൂപ) പലിശ ഇനത്തിൽ 27,44,440/- രൂപയും (ഇരുപത്തേഴ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാന്നൂറ്റി നാൽപത് രൂപ) അടക്കം ആകെ 36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ) കുടിശ്ശിക ഉണ്ട് എന്നും മേൽ കുടിശ്ശിക ഈടാക്കാൻ സാധ്യമല്ലായെന്നും ആയതിനാൽ ടി കുടിശ്ശിക തുക എഴുതി

തള്ളണമെന്നും എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ ഫയൽ സഹകരണ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

**"സഹകരണ സംഘങ്ങൾ സർക്കാരിലേക്ക് അടയ്ക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന്, അടയ്ക്കേണ്ട തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുകയും ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നേരിട്ട് ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സംഘങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്കുള്ള കുടിശ്ശിക ഈടാക്കിവരുന്നു"**

ഈ വിഷയത്തിൽ ഫയൽ നിയമ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

**"മാനന്തവാടി കള്ള് ചെത്ത് വ്യവസായ സഹകരണ സംഘം അബ്കാരി കുടിശ്ശിക വരുത്തിയ തുക ഈടാക്കുന്നതിന് സൊസൈറ്റിയുടെ ചീഫ് പ്രമോട്ടർ ആയ മാനന്തവാടി പയ്യംപള്ളി പി.ഒ വാക്പറ്റ വീട്ടിൽ മുരുകൻ മകൻ എ.ടി.വിജയനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്ത് കൊണ്ടുള്ള ബഹു കേരള ഹൈക്കോടതിയുടെ 15.02.2004 ലെ OP 19204/02 നമ്പർ കേസിലെ വിധി ഇപ്രകാരമാണ്,.**

'' It is settled position that the amount due from the Co-operative Society which was the licensee cannot be recovered from the promoter of that Society or against his personal properties. Though reference is made to an original petition and a Writ Appeal. I have perused the judgments wherein I find that the Writ Petitioner in O.P No.17266 of 2001 was the Society is a legal entity which may be represented either by President, Secretary or any other officers authorised by law.

Nevertheless the petitioner was the Society and not its officers who represents the society. That challenge by the said society against cancellation of licence has been upheld by this court. Hence that is not a reason to hold that the petitioner in his individual capacity is liable to pay the amount due to the said society.

In the result,Exhibits P1 and P2 notices issued under Section 7 of the Revenue Recovery Act are quashed. It will be open to the respondents to proceed against the society or its assets by serving a notice on the said society. The original petition is allowed.''മേൽ പ്രകാരം Society ഒരു legal

entity ആയതിനാൽ promoter-ന്റെ personal properties-ൽ നിന്നും Revenue Recovery പ്രകാരം നടപടി സ്വീകരിക്കാൻ കഴിയില്ല എന്നും ആയതിനാൽ തന്നെ Revenue Recovery നടപടി quash ചെയ്തു കൊണ്ട് ഉത്തരവാകുകയും കുടിശ്ശിക തുക സൊസൈറ്റിയുടെ ആസ്തി വകകളിൽ നിന്ന് വസൂലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിലും, 15.02.2004 -ലെ OP 19204/02 നമ്പർ കേസിലെ വിധിക്കുമേൽ നാളിതുവരെ അപ്പീൽ നടപടികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലും സഹകരണ സംഘം കള്ള് ഷാപ്പുകൾ നടത്തി അബ്കാരി കുടിശ്ശിക വരുത്തിയ തുക സംഘം ഭാരവാഹികളുടെ പക്കൽ നിന്നും ഈടാക്കാൻ കഴിയില്ല."

ഈ വിഷയത്തിൽ ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"Kerala Financial Code Vol. 1 Article 300, 3801, 302 ൽ സർക്കാറിനുണ്ടായ നഷ്ടം എഴുതിതള്ളുന്നത് സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. തുക ഈടാക്കുന്നതിന് യാതൊരു മാർഗ്ഗവും ഇല്ല എന്ന് ബോധ്യപ്പെടുന്ന സന്ദർഭങ്ങളിൽ മാത്രമാണ് എഴുതി തള്ളുന്നതിനുള്ള നടപടികളിലേക്ക് കടക്കുന്നത്. ഇവിടെ കള്ള് ചെത്ത് വ്യവസായ സഹകരണ സംഘം അബ്കാരി കുടിശ്ശിക വരുത്തിയ തുക എഴുതി തള്ളുന്ന വിഷയം Kerala Financial Code ന്റെ പരിധിയിൽ വരുന്നതല്ല. എന്നിരുന്നാലും സഹകരണ സംഘം കള്ള് ഷാപ്പുകൾ നടത്തി അബ്കാരി കുടിശ്ശിക വരുത്തിയ തുക സംഘം ഭാരവാഹികളുടെ പക്കൽ നിന്നും ഈടാക്കാൻ കഴിയില്ല എന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, സംഘത്തിന് നിലവിൽ പ്രവർത്തിക്കുന്ന ഓഫീസോ ആസ്തിവകകളോ ഇല്ലാത്തതിനാലും ടി സംഘത്തിന്റെ പേരിൽ 14 ജില്ലകളിലും സ്ഥാവരജംഗമവസ്തുക്കൾ ഒന്നും തന്നെ ഇല്ല എന്നതിനാലും കുടിശ്ശിക തുക ഈടാക്കുന്നതിന് യാതൊരു വിധ മാർഗ്ഗങ്ങളും ഇല്ലാത്തതിനാൽ, മാനന്തവാടി റെയ്ഞ്ചിലെ കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണസംഘത്തിന്റെ അബ്കാരി കുടിശ്ശിക 36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ) എഴുതി തള്ളുന്നതിന് അനുമതി നൽകുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് .

മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 17.02.2023 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട് എന്നും ഭരണവകുപ്പിനെ

അറിയിക്കുന്നു."

ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 17.02.2023 ൽ ബഹു.മുഖ്യമന്ത്രി ധനകാര്യ വകുപ്പിന്റെ EXP-B1/103/2022-FIN നമ്പർ ഫയലിൽ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ബഹു.മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനിക്കേണ്ട വിഷയം**

മാനന്തവാടി റെയ്ഞ്ചിലെ മാനന്തവാടി കള്ള് ചെത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം (നം w.246) 2001-02 കാലയളവിൽ 1 മുതൽ 9 വരെയുള്ള ഷാപ്പുകൾ നടത്തിയ വകയിൽ കുടിശ്ശികയായ മുതൽ ഇനത്തിൽ 9,08,000/- രൂപയും (ഒൻപത് ലക്ഷത്തി എണ്ണായിരം രൂപ) പലിശ ഇനത്തിൽ 27,44,440/- രൂപയും (ഇരുപത്തേഴ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാന്നൂറ്റി നാൽപത് രൂപ) അടക്കം ആകെ 36,52,440/- രൂപ (മുപ്പത്താറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാന്നൂറ്റി നാല്പത് രൂപ) റവന്യൂ റിക്കവറി വഴി ഈടാക്കാൻ സാധ്യമല്ല എന്ന് 14 ജില്ലാകളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം എഴുതി തള്ളാവുന്നതാണോ?